**സബ്മിഷൻ**

(1) ചാലക്കുടി സാങ്കേതിക സഹകരണ സംഘം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടിയിൽ സാങ്കേതിക സഹകരണ സംഘത്തിന് വ്യവസായ വകുപ്പ് നേരത്തെ സ്ഥലം അനുവദിച്ച് നൽകിയിരുന്നു. 50 സെന്റോളം വരുന്ന പ്രസ്തുത സ്ഥലത്തെ കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞും ദീർഘകാലമായി പ്രവർത്തനരഹിതമായും സ്ഥലം കാടുപിടിച്ച അവസ്ഥയിലുമാണ്. ചാലക്കുടി റീ-ഫാക്ടറീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്തിനും ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കും ഇടയിലുള്ള ഏറെ പ്രാധാന്യമുള്ള ഈ സ്ഥലത്ത് വ്യവസായ വകുപ്പിന് കീഴിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംരംഭകർക്കായി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതുൾപ്പെടെയുള്ള അനുയോജ്യമായ പ്രോജക്ട് അനുവദിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതിനായി നേരത്തെ ഉണ്ടായിരുന്ന സാങ്കേതിക സഹകരണ സംഘം ലിക്വിഡേഷൻ നടപടികൾക്ക് അംഗീകാരം നൽകുന്നതിനും സ്ഥലം വ്യവസായ വകുപ്പിൽ നിഷിപ്തമാക്കുന്നതിനും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ സബ്മിഷനിൽ പറയുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. 1955-ൽ പ്രവർത്തനം ആരംഭിച്ച ചാലക്കുടി സാങ്കേതിക സഹകരണ സംഘം ലിമിറ്റഡ് നം.3548 എന്ന സഹകരണ സംഘം നിലവിൽ ലിക്വിഡേഷനിലാണ്. 2002-ൽ പ്രവർത്തനം നിലച്ച പ്രസ്തുത സ്ഥാപനത്തിൽ 2013 -ൽ തീപിടിച്ച് സംഘം രേഖകൾ ഉൾപ്പെടെ എല്ലാം നശിച്ചുപോകുകയായിരുന്നു. പിന്നീട് 2015-ൽ ചില അംഗങ്ങൾ മുന്നോട്ട് വരികയും സംഘം ഭരണസമിതി രൂപീകരിച്ചുവെങ്കിലും യാതൊരുവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്താത്തതിനാൽ 2018-ൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സംഘം ലിക്വിഡേറ്റ് ചെയ്യാൻ ഉത്തരവിട്ടു. പ്രസ്തുത സംഘത്തിന് കീഴിൽ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 435/1 -ൽ ഉൾപ്പെട്ടിട്ടുള്ള 49 സെന്റ് സ്ഥലം ലീസ് വ്യവസ്ഥയിൽ റവന്യൂ വകുപ്പ് സംഘത്തിന് അനുവദിച്ചിട്ടുണ്ട്. ലിക്വിഡേഷനിലായ സംഘത്തിന് 70,038/- രൂപ സർക്കാർ ബാധ്യത നിലനിൽക്കുന്നുണ്ട്. സംഘം പുനരുദ്ധരിക്കാനുള്ള അവസരം നൽകണമെന്ന് സംഘം ഭാരവാഹികൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

ലിക്വിഡേഷൻ നടപടികൾ തൽക്കാലം നിർത്തിവയ്ക്കുകയും പുനരുദ്ധാരണത്തിന് സമയം അനുവദിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പ്രസ്തുത സ്ഥലം പരിശോധിച്ച് സംഘം പുനരുദ്ധരിക്കാൻ സാധ്യമാകില്ലെന്നും അവിടെ മറ്റു വ്യവസായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിയുംവിധം ഭൂമി പുനരുപയോഗപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. കാലാവധി നീട്ടി വാങ്ങിയതുതന്നെ ദുരുദ്ദേശപരമാണെന്നും അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ ഡയറക്ടറോട് ഇത് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാലാവധി നീട്ടികൊടുത്തതിനുശേഷവും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അത് നശിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി അത് തിരിച്ചെടുത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## (2) വസ്തുവിന്റെ പരിവർത്തനം

ശ്രീ. അൻവർ സാദത്ത്: സർ, വളരെ പ്രധാനപ്പെട്ടതും സാധാരണക്കാരനെ ബാധിക്കുന്നതുമായ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സംസ്ഥാനത്ത്

നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 2008 ഓഗസ്റ്റിനുശേഷം ബേസിക് ടാക്സ് രജിസ്റ്റർ (ബി.റ്റി.ആർ.)-ൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തു വാങ്ങിയവർക്ക് അത് പരിവർത്തനം ചെയ്യാൻ അനുമതി നൽകില്ലെന്ന് റവന്യൂ വകുപ്പ് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ സ്ഥലവും വീടുമില്ലാത്ത ആയിരക്കണക്കിന് പാവപ്പെട്ട അപേക്ഷകരെ ഈ സർക്കുലർ ബാധിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഇതുമൂലം കൃഷിക്കാരനായ ഒരാൾ 2008 -നുശേഷം മക്കൾക്ക് വീതംവച്ചു നൽകിയ കൃഷിഭൂമിയിൽ വീട് നിർമ്മിക്കുന്നതിൽ തടസ്സം നേരിടുന്ന ഒരു സാഹചര്യമുണ്ടാകും. അഞ്ചുസെന്റ് ഭൂമി വരെ വ്യതിയാനം നടത്താനും വീട് നിർമ്മിച്ചശേഷം റെഗുലറൈസ് ചെയ്യുന്നതിനും അപേക്ഷ സമർപ്പിച്ചവർക്ക് അവ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. സ്വന്തമായി വീടും സ്ഥലവുമില്ലാത്ത പലയാളുകളും വാടകവീടുകളിലോ ബന്ധുക്കളുടെ വീടുകളിലോ തറവാട് വീടുകളിലോ താമസിക്കുമ്പോൾ ഒരു വീട്ടിൽ രണ്ടോമൂന്നോ കുടുംബങ്ങളുണ്ടാകും. അപ്പോൾ സ്വാഭാവികമായും മക്കളുമായൊക്കെ താമസിക്കാൻ വളരെയധികം പ്രയാസപ്പെടുന്നവരാണ് നല്ലശതമാനം

പാവപ്പെട്ടവരും എന്നകാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. അവർക്ക് കിട്ടുന്ന വരുമാനം വർഷങ്ങളായി സമാഹരിച്ചുവച്ച് ഒരു സ്ഥലം വാങ്ങുന്നതിന് തയ്യാറാകുമ്പോൾ, പലപ്രദേശത്തും ഇന്ന് കരഭൂമി വാങ്ങിക്കുന്നതിന് വളരെയധികം വിലക്കൂടുതലാണ്. അപ്പോൾ സ്വാഭാവികമായും നിലമായിക്കിടക്കുന്ന ഭൂമിയായിരിക്കും കുറച്ച് വിലക്കുറവിൽ ലഭിക്കുക. എന്നാൽ ഈ നിയമം വന്നതോടുകൂടി അത്തരം ഭൂമി വാങ്ങി അവിടെ വീട് നിർമ്മിക്കുന്നതിനുള്ള ഒരു സാഹചര്യമില്ലാതാകുന്നു. ഇതുസംബന്ധിച്ച് കോടതിയുടെ ഒരു ഉത്തരവുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. പാടശേഖരങ്ങളിലും നിലമായിക്കിടക്കുന്ന സ്ഥലങ്ങളിലും കെട്ടിടങ്ങൾ നിർമ്മിച്ച് ഭൂമി ദുർവിനിയോഗം ചെയ്യുന്ന സാഹചര്യത്തെക്കുറിച്ചുള്ള ഒരു കോടതി പരാമർശം ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ചില മാഫിയകളൊക്കെ ഇത്തരം ഭൂമി വാങ്ങിക്കുകയും അവിടെ ആളുകൾക്ക് വെറുതെ 5 സെന്റ് ഭൂമി നൽകുകയും ചെയ്യുന്നുണ്ട്. ഇത് പലപ്പോഴും ആ സ്ഥലം കരഭൂമിയാക്കി മാറ്റാനുള്ള തന്ത്രമായിരിക്കും. അങ്ങനെയുള്ള കാര്യങ്ങൾ റവന്യൂ വകുപ്പ് കണ്ടുപിടിച്ച് അത്തരം കാര്യങ്ങൾക്ക് സാങ്ഷൻ കൊടുക്കാതിരിക്കണം. എന്നാൽ ഉമ്മറം അഥവാ വീട് എന്നത് നമ്മുടെ ഒരു സ്വപ്നമാണ്.

സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് വീട് പണിയുന്നതിനും അവിടെ താമസിക്കുന്നതിനുമുള്ള സാഹചര്യം ഈ നിയമത്തോടെ ഇല്ലാതാകുകയാണ്. ആയതിനാൽ വീട് വയ്ക്കുന്നതിനായി 5 സെന്റ് ഭൂമി വാങ്ങിയ പാവപ്പെട്ടയാളുകൾക്ക് മാനുഷിക പരിഗണന നൽകി അവർക്കനുകൂലമായ ഒരു നിയമഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്, എന്റെ മണ്ഡലത്തിലെ ചക്ലിയ സമുദായത്തിൽപ്പെട്ട പത്ത്-പതിനഞ്ച് ആളുകൾക്ക് എസ്.സി. വകുപ്പ് സ്ഥലം വാങ്ങുന്നതിനായി ഫണ്ട് കൊടുത്തിരുന്നു. അവർ പതിനഞ്ച് പേരും ഇതേതരത്തിലുള്ള ഒരു നിലമാണ് വാങ്ങിയിരിക്കുന്നത്. ഇപ്പോൾ അവർ അതിന്റെ പുറകെ നടക്കുകയാണ്. വീട് നിർമ്മിക്കാൻ ഗവൺമെന്റ് പണം നൽകുമെങ്കിലും ഈ ഭൂമി രേഖകളിൽ നിലമായിക്കിടക്കുന്നതുകൊണ്ടും കരഭൂമിയായി മാറ്റാത്തതുകൊണ്ട് ആലുവ നിയോജകമണ്ഡലത്തിലെ ആ സഹോദരന്മാരും അവരുടെ കുടുംബാംഗങ്ങളും വളരെ ദിവസങ്ങളായി ഇതിനുപിറകേ നടക്കുകയാണ്. കഴിഞ്ഞമാസം 29-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ ഒന്നാം പേജിൽ '2008-നുശേഷം വാങ്ങിയ വയൽ നികത്തി വീട് നിർമ്മിക്കാൻ പറ്റില്ല' എന്നുള്ള വാർത്ത വളരെ വിശദമായി

ഉണ്ടായിരുന്നു. ഈ വാർത്ത ജനങ്ങളെ വളരെയധികം ആശങ്കപ്പെടുത്തി. മറ്റുള്ള പത്രങ്ങളിലും ഈ വാർത്ത വന്നിരുന്നു. ഇക്കാര്യങ്ങളെല്ലാം സാധാരണക്കാരായ പാവപ്പെട്ടയാളുകളുടെയിടയിൽ വലിയ ആശങ്ക ഉണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഭേദഗതി വരുത്തി യഥാർത്ഥ ആവശ്യക്കാരായ പാവപ്പെട്ട സാധാരണക്കാർക്ക് അഞ്ച് സെന്റോ, മൂന്ന് സെന്റോ ഭൂമി നിലമെന്നുള്ളത് കരഭൂമിയാക്കി മാറ്റിക്കൊടുത്തുകൊണ്ട് വീട് നിർമ്മിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ മറ്റ് എം.എൽ.എ.-മാർക്കും ഈ അഭിപ്രായമുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ഒരു പരിഹാരം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ Writ Petition 3466/17-ാം നമ്പർ കേസിലെ 06.06.2017 -ലെ വിധിന്യായത്തിൽ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12.08.2008-ന് ശേഷം നിലം തരത്തിൽ പെട്ട ഭൂമിയുടെ ഉടമസ്ഥരായവർക്ക് നിയമത്തിലെ 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ല എന്ന് ഉത്തരവായിട്ടുണ്ട്.

ഇക്കാര്യത്തിൽ നിയമഭേദഗതി കൊണ്ടുവരാത്തിടത്തോളം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽപ്രസ്താവിച്ച വിധിന്യായമായിരിക്കും പ്രാബല്യത്തിലുണ്ടാകുകയെന്ന് 30.07.2019-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സർക്കാർ 14.02.2020-ലെ 248/2019/റവന്യൂ സർക്കുലർ പ്രകാരം 12.08.2008 ന് ശേഷം നെൽവയൽ ഭൂമി വാങ്ങിയവർക്ക് ഭവനനിർമ്മാണത്തിനായി സ്വഭാവ വ്യതിയാനത്തിന്/ പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ല എന്ന നിബന്ധന ഏർപ്പെടുത്തിയത്. എറണാകുളം ജില്ലാ ആലുവ താലൂക്ക് ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ 276/10-ൽപ്പെട്ട ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലംതരത്തിൽപ്പെട്ടതും ഡാറ്റാബാങ്കിൽ നിലമായി (paddy land) ഉൾപ്പെട്ടതുമാണ്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 9(1) പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ 10 സെന്റ് ഭൂമിയും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റ് ഭൂമിയും വകുപ്പ് 9(8) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതനുസരിച്ച് പ്രാദേശികതല നിരീക്ഷണ സമിതി ജില്ലാതല അധികൃത

സമിതിക്ക് ശിപാർശ സമർപ്പിക്കുകയും ജില്ലാതല അധികൃത സമിതി ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ പ്രസ്തുത ഭൂമി 12.02.2008-ന് ശേഷമാണ് വാങ്ങിയതെങ്കിൽ മേൽ പ്രസ്താവിച്ച നിയമ വ്യവസ്ഥയുടെയും കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിനായി ജില്ലാതല അധികൃത സമിതിയുടെ മുമ്പാകെ ശിപാർശ സമർപ്പിക്കാൻ പ്രാദേശികതല നിരീക്ഷണ സമിതിക്ക് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(3) അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സർക്കാർ പദ്ധതികൾ സർക്കാർതന്നെ അട്ടിമറിക്കുന്നതിന്റെ ഏറ്റവും വലിയ ഒരു ഉദാഹരണമാണ് അരുവിക്കര കുപ്പിവെള്ള പദ്ധതി. വലിയരീതിയിൽ ചൂഷണം നടക്കുന്ന കുപ്പിവെള്ള ബിസിനസ്സിൽനിന്നും ജനങ്ങളെ മോചിപ്പിക്കുവാനായി സർക്കാർ നേരിട്ടുതന്നെ ഇറങ്ങി മിതമായ നിരക്കിൽ ശുദ്ധമായ കുപ്പിവെള്ളം എല്ലായിടത്തും എത്തിക്കാനാണ് 2015 -ൽ ഈയൊരു പ്രോജക്ട് അരുവിക്കര ഡാമിനോട് കേന്ദ്രീകരിച്ച് തുടങ്ങിയത്. 5 വർഷം കഴിഞ്ഞിട്ടും ഇതുവരെ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഏകദേശം 16 കോടി രൂപയുടെ

ബഡ്ജറ്റ് അപ്രൂവലും സ്റ്റേറ്റ് ഫണ്ടിൽനിന്നും അതിനായി ഫണ്ട് അലോക്കേഷൻ നടത്തിയെങ്കിലും  രണ്ട് വർഷംകൊണ്ട് പൂർത്തിയാകേണ്ട ഈ പ്രോജക്റ്റ് ഇങ്ങനെ നീണ്ടുകൊണ്ടിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പേര് പറഞ്ഞ് ഏകദേശം ഒരു വർഷം ഈ പദ്ധതി നീണ്ടുപോയി. അതുകഴിഞ്ഞ് കുപ്പിയുടെ ഡിസൈൻ തീരുമാനിക്കുന്നതിന്റെ പേരിൽ ഏകദേശം ഒരു വർഷം വീണ്ടും ഈ പ്രോജക്റ്റ് ഇഴഞ്ഞു. അതുകഴിഞ്ഞ് BIS certification -ന്റെ പേരുപറഞ്ഞു. 90% പൂർത്തിയാക്കിയ ഈ പ്രോജക്റ്റ് ഇതുവരെ  ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വലിയ രീതിയിലുള്ള സംശയങ്ങൾ ഇതിന്റെ ഭാഗമായി നാട്ടുകാർക്കും നമുക്കെല്ലാവർക്കുമുണ്ട്. പ്രൈവറ്റ് കമ്പനികളെ സഹായിക്കാനായാണ് ഇത്രയും നൂതനമായ ഒരു പദ്ധതി 5 വർഷമായിട്ടും കമ്മീഷൻ ചെയ്യാൻ സർക്കാരിന് കഴിയാത്തത്.  മാത്രമല്ല, 2017 കാലഘട്ടത്തിൽ പണം അനുവദിക്കാൻ ധനകാര്യ വകുപ്പിന് എഴുതിയപ്പോൾ അതിൽ ഒപ്പിട്ട ഒരു ഐ.എ.എസ്.  ഉദ്യോഗസ്ഥൻ കുപ്പിവെള്ളം നൽകേണ്ടത് പ്രൈവറ്റ് കമ്പനികളാണെന്നും സർക്കാരിന് ഇതിന്റെ ആവശ്യമില്ല എന്നും പറഞ്ഞുകൊണ്ട് ഈ പ്രോജക്റ്റ് മാറ്റി വയ്ക്കാൻ നോക്കി. ആ തരത്തിൽ കാര്യങ്ങൾ എത്തിയപ്പോൾ ഞാനടക്കമുള്ള ജനപ്രതിനിധികളും

ഐ.എൻ.ടി.യു.സി.-യും സി.ഐ.ടി.യു.-വും അടക്കമുള്ള തൊഴിലാളി സംഘടനകളും തൊഴിലാളികളും എല്ലാവരും ചേർന്ന് സമരം നടത്തിയതിന്റെ ഭാഗമായി വീണ്ടും ഈ പ്രോജക്ടിന് ജീവൻ വച്ചു. ഇപ്പോൾ 90% പണി പൂർത്തീകരിച്ചപ്പോഴാണ് വാട്ടർ അതോറിറ്റിയിൽനിന്നും ഈ പ്രോജക്ട് മാറ്റി KIIDC (Kerala Irrigation Infrastructure Development Corporation Ltd) എന്ന കമ്പനിക്ക് കൊടുത്തിരിക്കുന്നത്. ഞാൻതന്നെ നിയമസഭയിൽ ചോദിച്ചിരിക്കുന്ന ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് വാട്ടർ അതോറിറ്റിക്ക് ഏകദേശം 9000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുള്ളതുകൊണ്ട് ഈ പ്രോജക്ട് നടപ്പിലാക്കാനുള്ള സ്രോതസ്സും ഹ്യൂമൻ റിസോഴ്സും വാട്ടർ അതോറിറ്റിക്ക് ഇല്ല എന്നും അതുകൊണ്ടാണ് KIIDC-ന് കൊടുക്കുന്നതുമെന്നാണ്. KIIDC-നെക്കുറിച്ച് അന്വേഷിച്ചപ്പോൾ തൊടുപുഴയിൽ ഹില്ലി അക്വാ എന്ന ഒരു പ്രോജക്ട് തുടങ്ങിയെങ്കിലും ഹില്ലി അക്വായുടെ ഒരു കുപ്പിവെള്ളംപോലും ഇന്ന് ഒരിടത്തും വിൽക്കുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അപ്പോൾ വാട്ടർ അതോറിറ്റിയിൽ നിന്നും ഈ പ്രോജക്ട് KIIDC-ന് കൊടുക്കുന്നത് പ്രോജക്ട് ആരംഭിക്കുന്നതിനുമുമ്പുതന്നെ, ഉദ്ഘാടനം ചെയ്യുന്നതിന് മുമ്പുതന്നെ അതിനെ തകർക്കാനുള്ള സ്വകാര്യ

ആളുകളുടെയൊക്കെ രഹസ്യത്തിന്റെ ഭാഗമായി സർക്കാർ നിൽക്കുകയാണെന്ന വലിയ ആശങ്കകൾ രാഷ്ട്രീയഭേദമെന്യേ എല്ലാവർക്കുമുണ്ട്. വേനലിന്റെയൊക്കെ കാഠിന്യമേറുന്നതിന് മുമ്പുതന്നെ, ഈ മാർച്ച്- ഏപ്രിൽ മാസങ്ങളിൽത്തന്നെ പ്രോജക്ട് ആരംഭിക്കണം. അതോടൊപ്പംതന്നെ ശരിയായ ദിശയിൽ പ്രോജക്ട് കൊണ്ടുപോകാനുള്ള താൽപ്പര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായിത്തന്നെ എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 4-4-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 285 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി തുക 16 കോടി രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ട് 17-10-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 3 പാക്കേജുകളിലായി വർക്കുകൾ പൂർത്തീകരിച്ചു. കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്.-ൽനിന്നും അംഗീകാരം കിട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെത്തുടർന്ന് 2019 മേയ് മാസം

ബി.ഐ.എസ്. ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ചു. വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിരുന്നു. കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുകയെന്നത് അവശ്യ സേവനമായതിനാൽ കേരള വാട്ടർ അതോറിറ്റി പ്രഥമ പരിഗണന നൽകേണ്ടത് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ജലവിതരണ, സ്വിവറേജ് പദ്ധതികളുടെ പൂർത്തീകരണത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമാണ്. ഈ ലക്ഷ്യം മുൻനിർത്തി  നടപ്പുസാമ്പത്തിക വർഷം എ.ഡി.ബി, കിഫ്ബി, ജലജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, നബാർഡ് തുടങ്ങിയ സ്കീമുകളിലായി കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 9000 കോടി രൂപയോളം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കുണ്ട്. എൻ.ജി.റ്റി. നിർദ്ദേശമനുസരിച്ച് ഏകദേശം 2000 കോടി രൂപയിൽ സംസ്ഥാനത്താകെ ജലമലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ചുമതലയും കേരള വാട്ടർ അതോറിറ്റിക്ക് നിർവ്വഹിക്കേണ്ടതുണ്ട്. മാത്രമല്ല, ഇക്കാര്യത്തിൽ കേരള വാട്ടർ

അതോറിറ്റിയിൽ ഉയർന്ന സാങ്കേതിക തസ്തികകളിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ എണ്ണം പരിമിതമായതിനാൽ ഈ ഉദ്യോഗസ്ഥരുടെ സേവനം കുപ്പിവെള്ള പ്ലാന്റിന്റെ നടത്തിപ്പിനായി ഉപയോഗിക്കുമ്പോൾ ആയത് കേരള വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന കുടിവെള്ള, സ്വിവറേജ് പദ്ധതികളുടെ പൂർത്തികരണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും തടസ്സമുണ്ടാകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ കുപ്പിവെള്ളം ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുകയെന്ന തികച്ചും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവൃത്തിയിൽ കേരള വാട്ടർ അതോറിറ്റി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലുപരി ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുക എന്നതിന് പ്രാധാന്യം നൽകുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന് വിലയിരുത്തി സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും 16 കോടി രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തുകയുണ്ടായി. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള പ്ലാന്റ്, കുപ്പിവെള്ള നിർമ്മാണ രംഗത്തും വിതരണ രംഗത്തും പരിചയ സമ്പത്തുള്ള നിലവിൽ മെച്ചപ്പെട്ട

പ്രവർത്തനം കാഴ്ചവയ്ക്കുന്നതുമായ ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ KIIDC (Kerala Irrigation Infrastructure Development Corporation Limited)-നെ ഏൽപ്പിക്കാൻ 28-2-2020-ലെ സർക്കാർ ഉത്തരവ് എം.എസ്. നം. 17/2020/ജ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസരിച്ചാണ് കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറാൻ ഉത്തരവായത്; സർക്കാരിന്റെ അംഗീകാരത്തോടെ കരാറിൽ ഏർപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച അരുവിക്കരയിലെ 7200 എൽ.പി.എച്ച്. ശേഷിയുള്ള കുപ്പിവെള്ള പ്ലാന്റ് എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ ഇപ്പോൾ നിലനിൽക്കുന്ന അവസ്ഥയിൽത്തന്നെ 7 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ KIIDC-ന് കൈമാറേണ്ടതാണ്. ബി.ഐ.എസ്.-ന്റെ ലൈസൻസ് ലഭ്യമാക്കുക, മികച്ച വിപണി കണ്ടെത്തുക മുതലായവ ഉൾപ്പെടെയുള്ള എല്ലാ തുടർപ്രവർത്തനങ്ങളും നിക്ഷേപങ്ങളും KIIDC-ന്റെ പൂർണ്ണ ചുമതലയിലായിരിക്കും. കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട പാട്ടനിരക്ക് സംബന്ധിച്ച് പ്രൊപ്പോസൽ KIIDC സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ കേരള വാട്ടർ അതോറിറ്റിയുമായി

കൂടിയാലോചിച്ച് പാട്ടനിരക്ക് നിർണ്ണയിക്കുന്നതുമായിരിക്കും. കുപ്പിവെള്ളത്തിന്റെ വിപണന ചുമതലയും കേരള വാട്ടർ അതോറിറ്റിയിൽനിന്നും KIIDC-ന് നിക്ഷിപ്തമാക്കുന്നതാണ്. സർക്കാരിന്റെ അനുമതി വാങ്ങിയതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെയും KIIDC-ന്റെയും മാനേജിംഗ് ഡയറക്ടർമാർ ഒരു മാസത്തിനകം ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതും കുപ്പിവെള്ള പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞെങ്കിലും യന്ത്രങ്ങളുടെയും കുപ്പികളുടെയും രൂപകല്പനയിൽ ചില സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കേരള വാട്ടർ അതോറിറ്റിയിൽ കുപ്പിവെള്ള പ്ലാന്റിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാനും നിർവ്വാഹമില്ല. പ്ലാന്റിനുവേണ്ടി KIIDC നിയമിക്കുന്ന ജീവനക്കാരെ കേരള വാട്ടർ അതോറിറ്റിയുടെ ജീവനക്കാരായി പരിഗണിക്കുന്നതല്ല. കേരള വാട്ടർ അതോറിറ്റിക്കുകൂടി വരുമാനം ലഭിക്കുന്ന തരത്തിലാകും ധാരണാപത്രം ഒപ്പുവയ്ക്കുന്നത്. കൂടാതെ, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ഉൾപ്പെടെയുള്ളവരുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള

നടപടിക്രമങ്ങൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. കുപ്പിവെള്ളം രണ്ട് മാസത്തിനകംതന്നെ വിപണിയിൽ എത്തിക്കാനാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ KIIDC പ്രൈവറ്റ് കമ്പനിയാണെന്ന് പറയുന്നത് തികച്ചും വാസ്തവ വിരുദ്ധമാണ്. അതിന്റെ ചെയർമാൻ ഇറിഗേഷൻ വകുപ്പുമന്ത്രി തന്നെയാണ്. അതിന്റെ ഡയറക്ടർ വാട്ടർ റിസോഴ്സിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. അതിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. അശോക് ഐ.എ.എസ്. ആണ്. ബോർഡ് മെമ്പർമാരായ ശ്രീ. കെ. ഷംസുദ്ദീൻ ചീഫ് എഞ്ചിനീയറാണ്, ശ്രീ. സുരേഷ് കുമാർ ചീഫ് എഞ്ചിനീയറാണ്, ശ്രീ. ബിനു നായർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പാണ്. ഇത് തികച്ചും ഗവൺമെന്റ് സ്ഥാപനമാണ്, പ്രൈവറ്റ് സ്ഥാപനമേയല്ല. തെറ്റിദ്ധാരണയുണ്ടാക്കരുതെന്ന് അപേക്ഷിക്കുകയാണ്. KIIDC വളരെ നന്നായി ഹില്ലി അക്വാവാട്ടർ വിതരണം നടത്തുന്നുണ്ട്. അത് വളരെ നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്.

(4) തൃപ്പൂണിത്തുറ ഇരുമ്പുപാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, തൃപ്പൂണിത്തുറയിലെ

പൈതൃക പാലമെന്നറിയപ്പെടുന്ന ഇരുമ്പുപാലം ബ്രിട്ടീഷ് കാലഘട്ടത്തിൽ 1800-കളുടെ ഒടുവിൽ നിർമ്മിക്കപ്പെട്ടതാണ്. ഏകദേശം 130 വർഷം പഴക്കമുള്ള ഇരുമ്പുപാലത്തിലൂടെ ഗതാഗതം നടത്തുന്നത് അപകടകരമാണെന്നും പാലം ദുർബലാവസ്ഥയിലാണെന്നുമുള്ള റിപ്പോർട്ടിനെത്തുടർന്ന് ഒരുവർഷംമുമ്പ് പാലത്തിലൂടെയുള്ള ഗതാഗതം നിയന്ത്രിക്കുകയും ഇരുചക്രവാഹനങ്ങളെ മാത്രം അതിലൂടെ കടന്നുപോകാൻ അനുവദിക്കുകയും ചെയ്യുന്ന നിലയാണുള്ളത്. അവിടെ പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും അതിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ അതിന് ഭരണാനുമതി ലഭിച്ചിട്ടില്ലെന്നറിയുന്നു. തൃപ്പൂണിത്തുറ-തൃക്കാക്കര നിയമസഭാ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും വളരെ ചരിത്രപ്രാധാന്യമുള്ളതും ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്നതുമായ പാലത്തിലൂടെയുള്ള ഗതാഗതനിയന്ത്രണംമൂലം യാത്രക്കാർ ക്ലേശമനുഭവിക്കുന്നുണ്ട്. എത്രയുംവേഗം പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പുതിയ പാലം

നിർമ്മിക്കുമ്പോൾ പൈതൃക സ്വഭാവമുള്ള തൃപ്പൂണിത്തുറ ഇരുമ്പു പാലം സംരക്ഷിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ ഭാഗമായി പരിഗണിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട എന്റെ യുവ സ്നേഹിതൻ ശ്രീ. എം. സ്വരാജ് പറഞ്ഞ തൃപ്പൂണിത്തുറ ഇരുമ്പുപാലം തൃപ്പൂണിത്തുറ- തൃക്കാക്കര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പൈതൃക പ്രാധാന്യമുള്ള പാലമാണ്. എന്നാൽ ഇന്ന് ആ പാലം ഗതാഗത യോഗ്യമല്ലാതെ അടച്ചിട്ടിരിക്കുകയാണ്. ഗാന്ധി സ്ക്വയറിൽ നിന്നുള്ള ആളുകൾക്ക്, പ്രത്യേകിച്ച് നൂറുകണക്കിന് ഭക്തർക്ക് രാവിലെയും വൈകിട്ടുമൊക്കെ പൂർണ്ണത്രയീശ്വര ക്ഷേത്രത്തിലേയ്ക്ക് പോകേണ്ടതാണ്. അത്രയ്ക്ക് പ്രാധാന്യമുള്ള പാലം അടിയന്തരമായി പുനർനിർമ്മിക്കണമെന്ന് മാത്രമല്ല, കൊച്ചിയിലെ 55 കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വാട്ടർ മെട്രോ വരികയാണ്. വാട്ടർ മെട്രോ പ്രാവർത്തികമാകുമ്പോൾ വേമ്പനാട് കായലിലൂടെ കോട്ടയത്തേയ്ക്ക് ഈ പാലം ഉയർന്നുകഴിഞ്ഞാൽ അതിനടിയിലൂടെ പോകാം. അതുകൊണ്ട് ഉയർത്തി ഓവൽ ഷെയ്പ്പിൽ പാലം നിർമ്മിക്കണം. അതിന് തൊട്ടടുത്ത് ചമ്പക്കരയുള്ള ഒരു ചെറിയ പാലവും പണിയേണ്ടതുണ്ട്. അതുകൊണ്ട് ബഹുമാന്യനായ

തൃപ്പൂണിത്തുറ എം.എൽ.എ. പറഞ്ഞ കാര്യങ്ങളോട് പരിപൂർണ്ണമായി യോജിച്ചുകൊണ്ട് എന്റെയും ശ്രീ. എം. സ്വരാജിന്റെയും രണ്ട് മണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന പാലം അടിയന്തരമായി പുതുക്കിപണിയാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം. സ്വരാജ് ഉന്നയിച്ച സബ്മിഷനെ സപ്ലിമെന്റ് ചെയ്തുകൊണ്ട് ശ്രീ. പി. ടി. തോമസും ഉന്നയിച്ചു. രണ്ട് പേരും ഇവിടെ പറഞ്ഞതുപോലെ തൃപ്പൂണിത്തുറ-തൃക്കാക്കര മണ്ഡലങ്ങളെ യോജിപ്പിക്കുന്നതാണ് ഈ പാലം. ഇത് തട്ടപ്പിള്ളിക്കാട്ടുപുഴയ്ക്ക് കുറുകെയാണ്. 130 വർഷത്തെ പഴക്കമാണ് പാലത്തിനുള്ളത്. 1890-ലാണ് പാലം നിർമ്മിച്ചത്. അന്ന് പാലത്തിന് 60 മീറ്റർ നീളവും 3 മീറ്റർ വീതിയുമാണ് ഉണ്ടായിരുന്നത്. കാലപ്പഴക്കംമൂലമാണ് കേടായിട്ടുള്ളത്. 04-3-2019-മുതൽ ടൂവീലർ മാത്രമേ അതുവഴി കടത്തിവിടുന്നുള്ളൂ. ബാക്കിയുള്ള വാഹനങ്ങളുടെ യാത്ര ജില്ലാകളക്ടർ നിരോധിച്ചിരിക്കുകയാണ്. 2019-20 സാമ്പത്തികവർഷം 100 രൂപ ടോക്കണായി വച്ചിട്ടുണ്ട്. എ.എസ്.-ന്റെ ഭാഗത്ത് പണമൊന്നും വച്ചിട്ടില്ല. അതുകൊണ്ട് പി.ഡബ്ല്യു.ഡി. ഇതിന്റെ പ്രോജക്ടും ഡിസൈനും

തയ്യാറാക്കി, 29 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി നൽകിയിരിക്കുകയാണ്. അടിസ്ഥാന വികസന പദ്ധതികൾ സംബന്ധിച്ച് തീരുമാനിക്കുന്നതിനുള്ള ഹൈപവർ കമ്മിറ്റിക്ക് മുമ്പാകെ വന്നിട്ടുള്ള 26 പാലങ്ങളിൽ ഒന്നാണ്. ഇതിന്റെ പ്രൊപ്പോസലിന്മേൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലും (RKI) കിഫ്ബിയിലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഫണ്ടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ അന്വേഷിച്ചിട്ടുണ്ട്. ആ ഫണ്ട് വിവരങ്ങൾ ലഭ്യമാക്കി പാലം നിർമ്മാണത്തിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് എല്ലാ നടപടികളും വകുപ്പ് സ്വീകരിക്കുന്നതാണ്.

(5) കള്ളുചെത്ത് വ്യവസായത്തിന്റെ പുനഃസംഘടന

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ സജീവ പരിഗണനയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നിയമസഭയിൽ ചർച്ച ചെയ്യാതെ പോകുന്നൊരു വിഭാഗമാണ് കേരളത്തിലെ ചെത്തുതൊഴിലാളികൾ. ചെത്തുതൊഴിലാളികൾ സ്വാഭാവികമായ മരണത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കള്ളുഷാപ്പുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പ്രകടനപത്രികയിൽ

ചെത്തുതൊഴിലാളികൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള Toddy Board ഇപ്പോഴും കടലാസിൽ അവശേഷിക്കുകയാണ്. പുതിയ മദ്യനയത്തിന്റെ ഫലമായി വിദേശമദ്യ വിൽപ്പനശാലകളുടെയും ബിയർ പാർലറുകളുടെയും എണ്ണം വർദ്ധിച്ചുവരുന്നു. കള്ള് വ്യവസായത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ചെത്തുതൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കള്ളുചെത്ത് വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന ശിപാർശകൾ നടപ്പിലാക്കുന്നത് വൈകാൻ പാടില്ല. ചെത്തുതൊഴിലാളികൾ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യരംഗത്ത് വലിയ പങ്ക് നിർവ്വഹിച്ചവരാണ്. അവർ ഇന്ന് പട്ടിണിയിലാണ്. അവർക്ക് തൊഴിലില്ല; ഷാപ്പുകളെല്ലാം പൂട്ടുകയാണ്. വിദേശമദ്യ ഷാപ്പുകൾക്ക് ദൂരപരിധി 50 മീറ്റർ, 200 മീറ്റർ ഉണ്ട്. എന്നാൽ കള്ളുഷാപ്പിന് 400 മീറ്റർ എന്നുള്ളത് മാറുന്നില്ല. ആ ദൂരപരിധി പരിശോധിക്കണം. അനുകൂലമായ നടപടി പ്രതീക്ഷിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കള്ളുചെത്ത് വ്യവസായം. കള്ളുചെത്ത് വ്യവസായത്തിന്റെ സംരക്ഷണത്തിനും

അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്താകെ വിജ്ഞാപനം ചെയ്തിട്ടുള്ള 5171 കള്ളുഷാപ്പുകളിൽ 810 ഗ്രൂപ്പുകളിലും 5 റേഞ്ചുകളിലുമായി 4306 കള്ളുഷാപ്പുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഷാപ്പുകളിൽ 114 ഗ്രൂപ്പുകളിലായി 483 കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികളാണ് നടത്തിവരുന്നത്. തൊഴിലാളികളുടെ ജോലി സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് തൊഴിലാളി കമ്മിറ്റിയെത്തന്നെ ഷാപ്പുനടത്തുന്നതിനുവേണ്ടി അനുവദിക്കുന്നത്. നിലവിൽ 865 ഷാപ്പുകൾ മാത്രമാണ് പ്രവർത്തിക്കാതിരിക്കുന്നത്. ചെത്തുതൊഴിലാളികൾക്കും ഷാപ്പുതൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കുന്നതിനും അവരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വിൽപ്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ, ഒരു ഷാപ്പിന് 500 രൂപയെന്ന നാമമാത്രമായ തുകയ്ക്ക് തൊഴിലാളികൾക്ക് ഏറ്റെടുത്ത് നടത്തുന്നതിന് നിലവിൽ അനുവാദം നൽകുന്നുണ്ട്. ഇത്തരം ഷാപ്പുകൾക്ക് വൃക്ഷക്കരം ഉൾപ്പെടെയുള്ള നികുതികളും മറ്റ് ബാദ്ധ്യതകളും ഒഴിവാക്കി കൊടുത്തിട്ടുള്ളതാണ്. കള്ളുചെത്ത്

വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി Toddy Board രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കരട് ബിൽ സജീവപരിഗണനയിലാണ്. വിദേശമദ്യം, ബിയർ എന്നിവയുടെ വിൽപ്പന കള്ളുചെത്ത് വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാരായ നിരോധനം നടപ്പിലാക്കിയ ഘട്ടത്തിലും ആ തീരുമാനം കള്ളുചെത്ത് വ്യവസായത്തിന് ഗുണകരമായിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചാരായ നിരോധനവും യഥാർത്ഥത്തിൽ കള്ള് വ്യവസായത്തെ തകർക്കുന്ന നിലയിലേയ്ക്കാണ് എത്തിച്ചിട്ടുള്ളത്. ചാരായ നിരോധനം ഏർപ്പെടുത്തിയ സന്ദർഭത്തിലും എന്തെങ്കിലും പ്രത്യേകമായ ആനുകൂല്യങ്ങളോ നേട്ടങ്ങളോ കള്ള് വ്യവസായത്തിന് ലഭിച്ചിട്ടില്ലെന്നുള്ള യാഥാർത്ഥ്യംകൂടി പരിഗണിക്കേണ്ടതുണ്ട്. കള്ളിന്റെ ലേലം വിളിച്ചുള്ള വിൽപ്പന ഈ വ്യവസായത്തിന് പ്രയോഗികമല്ല. വിദേശ മദ്യത്തിന്റെ വിതരണം ബിവറേജ് കോർപ്പറേഷനെ ഏൽപ്പിക്കുക, അത് നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ഹോട്ടലുകൾക്കേ ബാർ ലൈസൻസ് നൽകാവൂയെന്നുള്ള പ്രശ്നവുമുണ്ട്, അത് നടപ്പിലാക്കി കഴിഞ്ഞിട്ടുള്ളതാണ്. 21 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം നൽകരുതെന്നാണ്

നിർദ്ദേശം, ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന പ്രായപരിധി 23 വയസ്സാണ്. 23 വയസ്സിന് താഴെയുള്ളവർക്ക് മദ്യം നൽകാൻ പാടില്ലയെന്നുള്ള നയം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അബ്കാരി നിയമത്തിൽ മദ്യവിൽപ്പനയ്ക്ക് കടുത്ത ശിക്ഷ നൽകുന്ന ചട്ടമുണ്ടാക്കുക, നീര ഉത്പ്പാദനം അനുവദിക്കുക എന്നിവയാണ് എ. പി. ഉദയഭാനു കമ്മിറ്റി  സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ. സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കിയാലുണ്ടാകുന്ന ഗുണദോഷങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി, സർക്കാർ നിയോഗിച്ച എ. പി. ഉദയഭാനു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഭൂരിഭാഗം ശിപാർശകളും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കള്ളിന്റെ ഉത്പ്പാദന വിതരണ ചുമതലകൾ ചെത്തുതൊഴിലാളികളുടെ സഹകരണ സംഘത്തെ ഏൽപ്പിക്കണമെന്ന ശിപാർശ Toddy Board രൂപീകരിക്കുന്ന വേളയിൽ പരിശോധിക്കുന്നതാണ്. കേരളത്തിലെ കള്ളുചെത്ത് തൊഴിലാളികൾക്ക് നിയമപരമായി അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കിവരുന്നുണ്ട്. ഗവൺമെന്റ് ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സർക്കാരിന്റെ 2020-21-ലെ മദ്യനയത്തിൽ പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് മേഖലയെ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഈ മേഖലയിലെ

തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആദ്യവിൽപ്പനയിൽ പോകാത്ത ഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അമ്പതുശതമാനം റെന്റൽ കുറച്ച് വിൽപ്പന നടത്തുന്നതിനും അതിലും വിൽപ്പനയ്ക്ക് പോകാത്ത ഷാപ്പുകൾ അടുത്ത പ്രവൃത്തി ദിവസംതന്നെ തൊഴിലാളി കമ്മിറ്റികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 500 രൂപ റെന്റലിന് ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ നിലപാട് നയത്തിന്റെ ഭാഗമായി സ്വീകരിച്ചതും കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ്. ഇത്തരത്തിൽ കള്ളുചെത്ത് മേഖലയെ സംരക്ഷിക്കാനുള്ള നയപരമായ തീരുമാനങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ നിർദ്ദേശങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെ തുടർന്നുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ തുടർനടപടികളിലേക്ക് പോകുന്നതിനും ഗവൺമെന്റ് സന്നദ്ധമാണ്.

(6) <u>പരപ്പനങ്ങാടി ചാപ്പപ്പടി റോഡ് പുനർനിർമ്മാണം</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പരപ്പനങ്ങാടി - ചാപ്പപ്പടി റോഡിൽ

അടിയന്തരമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേരളത്തിലുണ്ടായ പ്രളയത്തിൽ തീരദേശ റോഡായ ടിപ്പുസുൽത്താൻ റോഡിലെ  പരപ്പനങ്ങാടി - ചാപ്പപ്പടി ഭാഗം 2019 ആഗസ്റ്റ് 5-ന് ഒലിച്ചുപോകുകയും റോഡ് ഇടയ്ക്കുവച്ച് മുറിഞ്ഞുപോകുകയും ചെയ്തു. തീരദേശ മേഖലയിലെ വളരെ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡാണ് ടിപ്പുസുൽത്താൻ റോഡ്. തീരദേശ ഹൈവേ കടന്നുപോകുന്നതും ഈ ഭാഗത്തുകൂടിയാണ്. ഈ ദുരന്തം നടന്ന് അടുത്തദിവസം തന്നെ മലപ്പുറം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥൻ എന്നിവരോടൊപ്പം പ്രദേശം സന്ദർശിക്കുകയും റോഡ് പുനർനിർമ്മിച്ച് അടിയന്തരമായി ഗതാഗതം സാദ്ധ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 07-03-2020-ൽ നിർമ്മാണം ആരംഭിക്കാൻ പോകുന്ന പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ ഈ റോഡ് ദുരന്തമുണ്ടായതിന്റെ തൊട്ടടുത്താണ്. റോഡ് പുനർനിർമ്മിച്ചില്ലെങ്കിൽ ഹാർബർ നിർമ്മാണവും ആരംഭിക്കാൻ സാധിക്കില്ല. മാത്രവുമല്ല ഈ റോഡിന്റെ തുടർ ഭാഗങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏഴുകോടി രൂപ ചെലവഴിച്ചുള്ള നവീകരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവൃത്തിയോടൊപ്പം

റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൂടി നടത്താവുന്നതേയുള്ളൂ. റോഡ് മുറിഞ്ഞ് രണ്ട് പ്രദേശങ്ങൾ തമ്മിൽ ഒറ്റപ്പെട്ടിട്ട് ഇപ്പോൾ ആറുമാസം കഴിഞ്ഞു. എങ്കിലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും ബാധിച്ചിട്ടുണ്ട്. റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ ആറുമാസമായി മത്സ്യബന്ധനത്തിന് ഈ ഭാഗത്തുപോകാൻ സാധിക്കാത്ത പ്രശ്നങ്ങളുമുണ്ട്. ആയതിനാൽ അടിയന്തരമായി പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും 7 കോടി രൂപയുടെ പ്രവൃത്തി നടത്തുന്നതിന്റെകൂടെ ഈ പ്രവൃത്തികൂടി നടത്താൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മലപ്പുറം ജില്ലയിലെ പ്രധാന തീരദേശ റോഡാണ് ടിപ്പുസുൽത്താൻ റോഡ്. പരപ്പനങ്ങാടി-ചാപ്പപ്പടി ഭാഗമാണ് കടലിനോട് ചേർന്നുകിടക്കുന്നത്. 200 മീറ്റർ നീളത്തിൽ മത്സ്യബന്ധന തോണികൾ അടിപ്പിക്കുന്നതിനായി കടൽ ഭിത്തി നിർമ്മിക്കാത്ത ഭാഗമാണ്. 2019-ലെ പ്രളയത്തിന് തൊട്ടുമുമ്പുണ്ടായ ശക്തമായ കടൽക്ഷോഭത്തിൽ സംരക്ഷണഭിത്തി തകർന്ന്

റോഡ് ഏകദേശം പൂർണ്ണമായും കടലെടുത്തു. തിരക്കേറിയ റോഡിലെ ഗതാഗതം വഴിതിരിച്ചുവിട്ടിരിക്കുകയാണ്. കടൽക്ഷോഭംമൂലം തകർന്ന ഈ ഭാഗത്തെ റോഡ് നിർമ്മിക്കുന്നതിനായി 295 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. 200 മീറ്ററോളം റോഡിന്റെ സംരക്ഷണഭിത്തി പാടെ തകർന്നുപോയിട്ടുണ്ട്. ഏകദേശം 150 മീറ്ററോളം റോഡ് പൂർണ്ണമായും കടലെടുത്തുപോയിട്ടുണ്ട്. റോഡ് റീ-അലൈൻമെന്റ് ചെയ്യാൻ അവിടെ സ്ഥലമില്ല. അതിനാൽ നിലവിൽ കടലെടുത്തുപോയ ഭാഗം റീ-ക്ലെയിം ചെയ്താലേ റോഡ് പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ. അതിനായി അവിടെ കടൽഭിത്തി നിർമ്മിക്കേണ്ടത് ആവശ്യമാണ്. പ്രസ്തുത പ്രവൃത്തി മേജർ ഇറിഗേഷൻ വകുപ്പ്, മലപ്പുറം ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഭാഗം റീ-ക്ലെയിം ചെയ്ത് റീ-അലൈൻമെന്റ് നടത്തി കടൽഭിത്തി പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. റീ-ബിൽഡ് കേരളയിൽ ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈയെടുത്ത് ഇറിഗേഷൻ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് പ്രോജക്ടുണ്ടാക്കുകയാണെങ്കിൽ അതിന് വേഗം അംഗീകാരം കിട്ടാനുള്ള സാദ്ധ്യതയുണ്ടെന്നാണ് കാണുന്നത്.

## (7) തിരുനക്കര സൂര്യ സ്വാമിയുടെ സംരക്ഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിദയനീയമായ ഒരു കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കോട്ടയം തിരുനക്കരയിൽ താമസിക്കുന്ന സൂര്യ സ്വാമി എം.കോം. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ ഒരാളാണ്. അദ്ദേഹത്തിന്റെ അമ്മ രാജേശ്വരി, സഹോദരി ലക്ഷ്മി എന്നിവർ ഇപ്പോൾ അനാഥാലയത്തിലാണ്. അവർക്ക് ജീവിക്കാൻ ഒരു വരുമാനമാർഗ്ഗവുമില്ല. മിനിഞ്ഞാന്നാണ് അവർക്ക് ബി.പി.എൽ. കാർഡ് കൊടുത്തത്. അതിന് മുൻപുണ്ടായിരുന്ന കാർഡ് വേറെയാണ്. അതുകൊണ്ട് റേഷൻപോലും വാങ്ങാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നു. സൂര്യ സ്വാമിയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം അവർക്ക് തിരുനക്കരയിൽ ഒന്നര സെന്റ് സ്ഥലമുണ്ട്. അവിടെ ഒരു വീടുണ്ട്. അതിന് ഒരു കതക് പോലും ഇല്ല. ജീവിക്കാനൊരു മാർഗ്ഗവുമില്ല. എം.കോം. പാസ്സായിട്ടുള്ള അദ്ദേഹം ഒരു ജോലി കിട്ടാതെ അലഞ്ഞുതിരിയുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ടാണ് സ്വയരക്ഷയ്ക്കുവേണ്ടി അമ്മയും മകളും ഒരു അനാഥാലയത്തിൽ പോയി താമസിക്കുന്നത്. അവർക്ക് ഒരു വീട് നിർമ്മിച്ച് കൊടുക്കണം. ലൈഫ്

പദ്ധതിയിലും മറ്റ് പദ്ധതികളിലുമായി വീട് വച്ചുകൊടുക്കുന്നത് സംബന്ധിച്ച് മാധ്യമങ്ങളിലൊക്കെ ധാരാളം വാർത്തകൾ വന്നു. സൂര്യ സ്വാമിയുടെ കുടുംബത്തെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തണം എന്നതാണ് ഒന്നാമത്തെ ആവശ്യം.

അടുത്തതായി, അവർക്ക് ആവശ്യമായ ചികിത്സ കൊടുക്കണം. കാരണം ഇവർക്ക് സാധാരണ കുടുംബങ്ങളെപ്പോലെ മുന്നോട്ട് പോകാൻ ത്രാണിയില്ലാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് അവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകണം. ഈ കുടുംബത്തിൽതന്നെ താമസിക്കത്തക്ക വിധത്തിലുള്ള അന്തരീക്ഷമുണ്ടാക്കാനുള്ള നടപടിയെടുക്കണം. മാതൃഭൂമി വാരാന്ത്യപ്പതിപ്പിലെ ഒരു ലേഖനത്തിൽ ശ്രീ. എച്ച്. ഹരികൃഷ്ണനാണ് സൂര്യ സ്വാമിയെക്കുറിച്ചുള്ള വിവരങ്ങൾ ജനമദ്ധ്യത്തിലേയ്ക്ക് കൊണ്ടുവന്നത്. ഗവൺമെന്റ് അവർക്കുവേണ്ടി ഒന്നുരണ്ട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബി.പി.എൽ. കാർഡ് കൊടുത്തു. വെള്ളം, വൈദ്യുതി എന്നിവ കൊടുക്കുന്നതിനുള്ള നടപടിയെടുക്കും എന്നുപറഞ്ഞിട്ടുണ്ട്. അത്രയും സന്തോഷം. ഈ മൂന്ന് കാര്യങ്ങളിലും മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. അങ്ങും ഈ കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ആ

കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. പക്ഷേ, അത് ഭാഗികമാണ്; ബാക്കി പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നം സമൂഹമധ്യത്തിൽ വന്നുകഴിഞ്ഞപ്പോൾ സൂര്യ സ്വാമിക്ക് കോട്ടയം മെഡിക്കൽ കോളേജിൽ രജിസ്ട്രേഷൻ കൈകാര്യം ചെയ്യുന്ന സ്ഥലത്ത് ജോലി കൊടുത്തിരിക്കുകയാണ്. ദയവായി അങ്ങനെ ചെയ്യരുത്. എം.കോം. പാസ്സായ ഒരു കുട്ടിക്ക് ചെയ്യാൻ കഴിയുന്ന ഒരു ജോലി ഗവൺമെന്റ് കൊടുക്കണം. അതിന് സാധിക്കത്തക്ക വിധത്തിലേയ്ക്ക് കൊണ്ടുപോകണം. ഒരു ഡെയ്‌ലി വേജസ്സാക്കി ഈ കുട്ടിയെ മാറ്റുന്ന രീതിയിലേയ്ക്ക് വരരുത്. സാഹോദര്യബുദ്ധിയോടുകൂടി ഈ സമൂഹമദ്ധ്യത്തിൽ, തലയുയർത്തി നിൽക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് വളരുന്നതിനുള്ള സഹായം നൽകണം. ഈ കാര്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തര പ്രാധാന്യത്തോടുകൂടി അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അവർക്ക് വീട് വച്ച് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കണമെന്നും അത് ഇവിടെ തന്നെ അങ്ങ് പ്രഖ്യാപിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യം

തന്നെയാണ്. സൂര്യ സ്വാമിയുടെ അമ്മയും സഹോദരിയും ഒരു അനാഥാലയത്തിലാണ് ഇപ്പോൾ താമസിക്കുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ ഉൾപ്പെടെ ഇവർ മൂന്നുപേരും ചില മാനസിക രോഗലക്ഷണങ്ങൾ കാണിക്കുന്നവരാണ്. ഇവർക്കുണ്ടായിരുന്ന വീട് ഈ മാനസിക പ്രശ്നത്തിന്റെ ഭാഗമായി അച്ഛൻ തീവച്ച് നശിപ്പിക്കുന്ന സംഭവവുമുണ്ടായിട്ടുണ്ട്. സൂര്യ സ്വാമി എം.കോം. പാസ്സായിട്ടുള്ള ആളാണ്. ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. നേരത്തെ പറഞ്ഞതുപോലെ അടച്ചുറപ്പില്ലാത്ത ഒരു ഷെഡ്ഡിലായിരുന്നു ഇവർ താമസിച്ചിരുന്നത്. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ കൊടുത്തിട്ടുണ്ട്. റേഷൻ കാർഡിന്റെ കാര്യത്തിൽ തീരുമാനമാക്കിയിട്ടുണ്ട്. സൂര്യ സ്വാമിയുടെ രണ്ടേകാൽ സെന്റ് പുരയിടം എന്നുപറയുന്നത് കുടുംബസ്വത്താണ്. അച്ഛന്റെ സഹോദരനുകൂടി അവകാശമുള്ള സ്ഥലത്താണ് ആ വീട് ഇരിക്കുന്നത്. ഒരുമിച്ച് താമസിക്കണമെങ്കിൽ അവർക്ക് ഒരു വീട് ഉണ്ടായിരിക്കണം എന്നുള്ളത് ന്യായമായ കാര്യമാണ്. അതുസംബന്ധിച്ച് ഇന്നലെ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഒരു പുതിയ സ്ഥലം കണ്ടെത്താം എന്ന് തീരുമാനിച്ചിട്ടുണ്ട്. അത് കണ്ടെത്തി ലഭ്യമായാലുടൻതന്നെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ കഴിയുമെന്ന് അങ്ങയുടെ

സബ്മിഷന് ഉറപ്പ് നൽകുകയാണ്. ഇപ്പോൾ മെഡിക്കൽ കോളേജിൽ താൽക്കാലിക എച്ച്.ഡി.എസ്. മുഖേനയാണ് ജോലി കൊടുത്തിരിക്കുന്നത്. അത് അങ്ങ് പറഞ്ഞതുപോലെയല്ല, അവിടെ ക്ലാർക്ക് തസ്തികയിൽ ജോലി കൊടുക്കാൻ കഴിയുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ അത് നമുക്ക് തുടരാം. ഒരു ജോലിയും ഇല്ലാതിരുന്ന ഒരാളല്ലേ, അദ്ദേഹത്തിന് ഒരു വരുമാനമാർഗ്ഗം കണ്ടെത്തിക്കൊടുക്കുക എന്ന അടിയന്തര ചുമതലയാണ് ചെയ്തിട്ടുള്ളത്. മറ്റ് കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. വീടിന്റെ കാര്യത്തിൽ തീർച്ചയായും അടിയന്തര നടപടി സ്വീകരിക്കാം.

(8) <u>ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം, ശമ്പള കുടിശ്ശിക എന്നീ കാര്യങ്ങളിലുള്ള ആശങ്കകൾ ദൂരീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷന്റെ ഉള്ളടക്കം. 1997-ൽ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച ബദൽ സ്കൂൾ സമ്പ്രദായം 2010 വരെ കേന്ദ്ര അനുമതിയോടുകൂടി നടപ്പിലാക്കി വരികയായിരുന്നു. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന 266 ഏകാദ്ധ്യാപക സ്കൂളുകളിലായി ആകെ 341 അദ്ധ്യാപകരാണുള്ളത്. 4006 വിദ്യാർത്ഥികൾ

ഇവിടെ പഠിക്കുന്നുണ്ട്. അതിൽ 3800 വിദ്യാർത്ഥികളും എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണ്. മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന ഇത് 2010 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കി. എന്നാൽ കേരള ഗവൺമെന്റ് അത് തുടരാൻ തീരുമാനിച്ചു. അവർക്കുള്ള വേതനം അന്ന് 5,000/- രൂപയായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 10,000/- രൂപയായി ഉയർത്തിയിരുന്നുവെങ്കിലും അത് നൽകിയിട്ടില്ല. 9 മാസത്തോളം കുടിശ്ശികയായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക കൊടുത്തുതീർത്തു. മാത്രമല്ല ശമ്പളം പരിഷ്കരിച്ച് 17,325/- രൂപയായി ഉയർത്തി. കഴിഞ്ഞ അഞ്ച് മാസത്തിനുമുൻപ് വരെ ആ ശമ്പളം നൽകിവന്നിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ സർക്കാർ അത് 18,500/- രൂപയായി ഉയർത്തി. പക്ഷേ, കഴിഞ്ഞ അഞ്ച് മാസമായി അവർക്ക് ശമ്പളം ലഭിക്കുന്നില്ല. ആദിവാസി ഊരുകളിൽപോയി വിദ്യാഭ്യാസം നൽകുന്ന ഇവർക്ക് വേതനം തടസ്സംകൂടാതെ നൽകാനുള്ള തീരുമാനമുണ്ടാകണം. ഏകാദ്ധ്യാപകരുടെ ജീവിതം നാം അറിയുന്നത് പ്രശസ്ത എഴുത്തുകാരനായ ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ രവി എന്ന

കഥാപാത്രത്തിലൂടെയാണ്. അവർ നടത്തുന്ന അതിസാഹസികമായ വിദ്യാഭ്യാസ പ്രവർത്തനത്തെ കേരളവും ലോകവും അറിയുന്നത് അങ്ങനെയാണ്. അവരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കാൻ സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചത് വളരെ ന്യായമായ ഒരു കാര്യമാണ്. അമ്പൂരി കുന്നത്തുമല ഏകാദ്ധ്യാപക വിദ്യാലയത്തിലെ അദ്ധ്യാപിക ഉഷാകുമാരി അവിടെ കുറേ ദിവസങ്ങളായി നിരാഹാര സമരം നടത്തുന്നത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുട്ടികളോടൊപ്പം അവർ സമരം ചെയ്യുന്ന വാർത്ത എല്ലാ മാധ്യമങ്ങളിലും വന്നിരുന്നു. സ്ഥിരനിയമനം വേണം എന്നതുടങ്ങി ധാരാളം കാര്യങ്ങളാണ് അവരുടെ ആവശ്യം. അതിനാൽ ഈ കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ശ്രീ. സി. കെ. ഹരീന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ ശമ്പള കുടിശ്ശിക നൽകുകയും ഏകാദ്ധ്യാപകരുടെ നിരവധിയായ പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

ആദിവാസികൾ, മത്സ്യബന്ധനത്തൊഴിലാളികൾ മറ്റ് അവശ വിഭാഗങ്ങൾ എന്നിവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ഡി.പി.ഇ.പി.-യുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതാണ് ബദൽ വിദ്യാലയങ്ങൾ. ഡി.പി.ഇ.പി.-ക്ക് ശേഷം സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിലാണ് 2010 മാർച്ച് മാസം വരെ ബദൽ വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സ്കൂളുകൾക്കുള്ള ധനസഹായം സർവ്വശിക്ഷാ അഭിയാൻ നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും 2010 ഏപ്രിൽ മാസം മുതൽ കേരള സർക്കാർ ടി സ്ഥാപനങ്ങൾ തുടരുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2011-12 അദ്ധ്യയനവർഷം മുതൽ സർക്കാർ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും അത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വഴി വിതരണം നടത്തുകയുമാണ് ചെയ്യുന്നത്. ബദൽ വിദ്യാലയങ്ങളിലെ വോളന്റിയർമാർക്ക് ശമ്പളം, ഏൺഡ് ലീവ് സറണ്ടർ, മെയിന്റനൻസ് ഗ്രാന്റ്, കണ്ടിജൻസി ഗ്രാന്റ് തുടങ്ങി വ്യത്യസ്ത ഗ്രാന്റുകൾ നൽകിവരുന്നു. 18-12-2019-ലെ ഉത്തരവ് പ്രകാരം

വിദ്യാ വോളന്റീയർമാരുടെ ഓണറേറിയം 18,500/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർ കരാർ അടിസ്ഥാനത്തിലാണ് ജോലി ചെയ്തുവരുന്നത്. ഇവരുടെ ശമ്പളം ലഭിച്ചിട്ടില്ല എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ തുടർ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമായി പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എം.ജി.എൽ.സി. (മൾട്ടി-ഗ്രേഡ് ലേർണിംഗ് സെന്റർ)-കളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്. ശമ്പള കുടിശ്ശിക കൊടുക്കാനും ബാക്കി എങ്ങനെ വേണം എന്നുള്ളത് പരിശോധിക്കാനുമുള്ള റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## (9) ജോലിക്കിടെ മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചറുടെ കുടുംബത്തിന് സഹായം

ശ്രീ. രാജു എബ്രഹാം: സർ, നാട്ടിലിറങ്ങി രണ്ട് പേരെ കുത്തി പരിക്കേൽപ്പിക്കുകയും വൻതോതിൽ നാശനഷ്ടമുണ്ടാക്കുകയും ചെയ്ത കാട്ടാനയെ ഓടിക്കാനാണ് ആദിവാസി റിക്രൂട്ട്മെന്റ് പ്രകാരം ഫോറസ്റ്റ് വകുപ്പിൽ ജോലി കിട്ടിയ എ. എസ്. ബിജു സഹപ്രവർത്തകർക്കൊപ്പം എത്തിയത്. പക്ഷെ അദ്ദേഹം അതിദാരുണമായി ആനയുടെ കുത്തേറ്റ് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ കുടുംബത്തിന് സർക്കാർ നേരിട്ട് കുറഞ്ഞത് പത്ത് ലക്ഷം രൂപയും ഇൻഷ്വറൻസ് അടക്കമുള്ള എല്ലാ കാര്യങ്ങളും വച്ച് അൻപത് ലക്ഷം രൂപയെങ്കിലും ധനസഹായമായി നൽകണം. അതുപോലെ ആശ്രിതന് ഒരു ജോലി അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കണം. രണ്ടാമത്, അവിടെ റാപ്പിഡ് ആക്ഷൻ ഫോഴ്സില്ല, എലിഫന്റ് സ്ക്വാഡില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞ ശേഷമാണ് തേക്കടിയിൽനിന്നും എലിഫന്റ് സ്ക്വാഡ് അവിടെ എത്തിയത്. പത്തനംതിട്ട ജില്ലയിൽ ഒരു സ്ക്വാഡ് അടിയന്തരമായിട്ടുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ വനത്തിനുള്ളിൽ ഭക്ഷണമില്ലാത്തതിനാൽ മൃഗങ്ങൾ വൻതോതിൽ

ഇറങ്ങുകയാണ്. ഒരു വർഷത്തിനിടയിൽ ഒരാളെ കടുവ കൊന്നു, ഒരാളെ കാട്ടുപന്നി കൊന്നു. അങ്ങനെയുള്ള അതിദാരുണമായ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം അടിയന്തരമായിട്ടുള്ള സത്വര നടപടി സ്വീകരിക്കാൻ തയ്യാറാകണം. അതോടൊപ്പംതന്നെ ഒരു കാര്യംകൂടി, ടൈഗർ കൺസർവേഷൻ ആക്ട് പ്രകാരം മൃഗങ്ങൾ ഇറങ്ങിയാൽ 144 പ്രഖ്യാപിക്കണം. അത്തരത്തിലേയ്ക്കുള്ള നടപടി സ്വീകരിക്കാൻ റവന്യൂ അധികാരികൾ തയ്യാറാകുന്നില്ല. അതിനുള്ള അടിയന്തരമായ നിർദ്ദേശം മന്ത്രി തലത്തിൽ സ്വീകരിക്കുകയും ഇത്തരത്തിൽ 144 പ്രഖ്യാപിച്ചാൽ ജനങ്ങൾ ഓടിക്കൂടുന്നത് തടയാനും അതുവഴി വലിയ കലാമിറ്റികൾ ഒഴിവാക്കാനും കഴിയും അതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, എ. എസ്. ബിജുവിന്റെ കുടുംബം അനാഥമായ കാര്യവും അദ്ദേഹത്തിന്റെ കുടുംബത്തിന് അർഹമായിട്ടുള്ള സഹായങ്ങൾ നൽകുന്ന കാര്യവുമാണ് സബ്മിഷനിലൂടെ ബഹുമാന്യനായ അംഗം ശ്രീ. രാജു എബ്രഹാം ഉന്നയിക്കുന്നത്. റാന്നി റേഞ്ചിനുകീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട കടുമിൻചിറ ഭാഗത്ത് കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ

കുത്തേറ്റ് 26-02-2020-ന് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ. എസ്. ബിജു, അദ്ദേഹം കാട്ടിനുള്ളിൽനിന്നും ഇറങ്ങി വന്ന കാട്ടാനയെ വനത്തിനുള്ളിലേയ്ക്ക് ഓടിച്ചുകൊണ്ടുപോകുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽതന്നെ ഏർപ്പെട്ടിരുന്ന ആളാണ്. എ. എസ്. ബിജുവിന്റെ കുടുംബത്തിന് നിയമപരമായി അനുവദിക്കാവുന്ന എല്ലാ ധനസഹായങ്ങളും അനുവദിക്കുന്നതും കുടുംബത്തിലെ അർഹമായ അംഗത്തിന് ആശ്രിത നിയമനം നൽകുന്നതുമാണ്. ധനസഹായത്തിന്റെ വിവരങ്ങൾ ഞാൻ സൂചിപ്പിക്കാം. മരണദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി എഫ്.ഡി.ഐ.-യിൽനിന്നും 25,000/- രൂപ ഇതിനോടകം തന്നെ അനുവദിച്ച് നൽകിയിട്ടുണ്ട്. റാന്നി എഫ്.ഡി.ഐ.-യിൽനിന്നും 1,00,000/- രൂപ കൂടി അദ്ദേഹത്തിന്റെ കുടുംബത്തിന് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ സതേൺ സർക്കിളിനുകീഴിലുള്ള മറ്റ് എഫ്.ഡി.ഐ.-കളിൽനിന്നായി 1,00,000/- രൂപ പ്രസ്തുത കുടുംബത്തിന് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ, സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് എഫ്.ഡി.ഐ.-കളിൽനിന്ന് കഴിയാവുന്നത്ര ധനസഹായം നൽകാൻ എഫ്.ഡി.ഐ.-കളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ

ആശ്രിതർക്ക് നിലവിലുള്ള നിയമപ്രകാരം അനുവദിക്കാവുന്ന 10,00,000/- രൂപയിൽ 5,00,000/- രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉടൻ തന്നെ നൽകുന്നതാണ്. ബാക്കി 5,00,000/- രൂപ തഹസീൽദാറിൽനിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ അനുവദിക്കാവുന്നതാണ്. മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (ജി.പി.എ.ഐ.എസ്.) പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുകൂടാതെ, മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിലെ അംഗത്തിന് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിൽ വന്യജീവികൾക്ക് ആവശ്യമായിട്ടുള്ള ഭക്ഷണവും ശുദ്ധജലവുമടക്കം ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്വീകരിച്ചുവരികയാണ്.

(10) മണ്ണാർക്കാട് എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിഫ്ബി ഏറ്റെടുത്ത ഒരു റോഡിന്റെ ഇപ്പോഴത്തെ ദുരവസ്ഥ മന്ത്രിയുടെയും സഭയുടെയും

മുമ്പിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ. മണ്ണാർക്കാട് എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ് പത്ത് കിലോമീറ്ററിൽ താഴെയുള്ള ഒരു റോഡാണ്. ഏറ്റവും കൂടുതൽ ജനവാസ മേഖലയിലൂടെ പോകുന്ന റോഡാണ്. 2018 ഡിസംബറിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം പി.ഡബ്ല്യു.ഡി. മന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അങ്ങനെ പ്രവൃത്തികൾ ഏകദേശം ഒരു വർഷത്തോളം മുന്നോട്ടുപോയിട്ട് ഈ കഴിഞ്ഞ നവംബറിൽ കിഫ്ബി ഇതിന് സ്റ്റോപ് മെമ്മോ കൊടുക്കുകയുണ്ടായി. കിഫ്ബിയുടെ Special Purpose Vehicle (SPV) ആയിട്ടുള്ള Kerala Road Fund Board (KRFB) അംഗീകരിച്ച ഇനിഷ്യൽ ലെവൽ പ്രകാരമാണ് പ്രവൃത്തികൾ നടന്നുവന്നിരുന്നത് എന്നാണ് അറിയാൻ സാധിച്ചത്. ഇപ്പോൾ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് ഇത് നിർത്തിവയ്ക്കാൻ പറഞ്ഞിട്ടുള്ളത്. കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ അവർ ശ്രദ്ധിക്കാതെ ഇപ്പോൾ റോഡ് പ്രവൃത്തി തടസ്സപ്പെടുത്തിയിരിക്കുകയാണ്. പ്ലാനും പ്രൊഫൈലും ഡി.പി.ആർ.-ഉം പ്രകാരമല്ല പ്രവൃത്തി നടത്തുന്നതെന്നാണ് സ്റ്റോപ് മെമ്മോയിൽ പറയുന്നത്. ഇത് ശ്രദ്ധിക്കേണ്ടത് കിഫ്ബിയായിരുന്നു. ഒരു കൊല്ലം കഴിഞ്ഞിട്ടാണ് ഈ പോരായ്മ കിഫ്ബി കണ്ടെത്തുന്നത്. അതിന് ജനങ്ങൾ എന്ത് പിഴച്ചു? രണ്ട്,

പഴയ റോഡിൽനിന്നും അൻപത്തിയഞ്ച് സെന്റിമീറ്റർ ഉയർത്തിയാണ് പുതിയ നിർമ്മാണം നടക്കുന്നത് എന്നാണ് ഇപ്പോൾ കിഫ്ബി പറയുന്നത്. ഈ ഉയരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ നിർദ്ദേശിച്ചത് KRFB ആണ്. KRFB അക്കാര്യം അപ്പോൾതന്നെ കിഫ്ബിയെ അറിയിക്കാത്തതാണ് ഇപ്പോൾ കിഫ്ബി ഇതിനെ എതിർക്കാനുള്ള കാരണമായി പറയുന്നത്. ഇത് പൊതുജനങ്ങളും ജനപ്രതിനിധികളും കൈകാര്യം ചെയ്യേണ്ട കാര്യമല്ല. ഇത് പരിഹരിക്കാൻ ശ്രമിക്കേണ്ടതിനുപകരം ഇപ്പോൾ കിഫ്ബിയും പി.ഡബ്ല്യൂ.ഡി.-യും തമ്മിൽ പരസ്പരം ആക്ഷേപമുന്നയിക്കുകയാണ്. സ്വന്തം SPV ചെയ്ത തെറ്റിന് കിഫ്ബി ജനങ്ങളെയാണ് ശിക്ഷിക്കുന്നത്. അതുപോലെ കോൺക്രീറ്റ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന വേണ്ടത്ര ഭാഗങ്ങളിൽ നടത്തിയിട്ടില്ല എന്നതാണ് മറ്റൊരു ആക്ഷേപം. ഇത് ഉറപ്പുവരുത്തേണ്ടത് കിഫ്ബിയും പി.ഡബ്ല്യൂ.ഡി.-യുമായിരുന്നു. കരാറുകാരനെകൊണ്ട് യഥാവിധി പ്രവൃത്തികൾ ചെയ്യിപ്പിക്കേണ്ടവർ ചെയ്യിപ്പിച്ചില്ലായെന്നുമാത്രമല്ല ഇപ്പോൾ പ്രശ്നപരിഹാരത്തിന് യാതൊരു നടപടിയും സ്വീകരിക്കാതെ കുറ്റക്കാർക്കെതിരെ നടപടികൾ എടുക്കാതെ.... ഇതിൽ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരാണ് കുറ്റക്കാരെങ്കിൽ അവർക്കെതിരെ നടപടി എടുക്കട്ടേ. പക്ഷെ

നടപടി എടുക്കുന്നില്ല. ഇത് വീണ്ടും പുനരാരംഭിക്കുന്നതിനുള്ള യാതൊരുവിധ കാര്യങ്ങളും ഇവർ ചെയ്യുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളിലെ ഡ്രെയിനേജിന്റെ അമിതമായ ഉയരം, കോൺക്രീറ്റിലെ പ്രശ്നങ്ങൾ എന്നിവയൊക്കെ ജനങ്ങൾ പറഞ്ഞപ്പോൾ ജനപ്രതിനിധി എന്നുള്ള നിലയിൽ തുടക്കത്തിൽതന്നെ ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചതാണ്. ഒരാളുടെ ഉയരത്തിലാണ് ഡ്രെയിനേജുണ്ടാക്കുന്നത്. അങ്ങ് ഞങ്ങളോട് പറഞ്ഞത് ഇത് കിഫ്ബിയുടെ സ്റ്റാന്റേഡാണെന്നാണ്. സ്റ്റാന്റേഡുള്ള റോഡ് വന്നോട്ടേയെന്ന് കരുതി ഞങ്ങൾ ജനങ്ങളെ അതിനുവേണ്ടി സഹകരിപ്പിച്ചു. ഇപ്പോൾ അതേ പരാതി വേറെ കുറേ ആളുകൾ പറഞ്ഞപ്പോൾ അതിന്റെ പേരിൽ സ്റ്റോപ് മെമ്മോ കൊടുത്തിരിക്കുകയാണ്. സത്യത്തിൽ ഇവിടെ കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള ശീത സമരത്തിൽ ജനങ്ങൾ വളരെയധികം പ്രയാസപ്പെടുകയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം പഴയ റോഡ് നഷ്ടപ്പെട്ടു അത് മാന്തിപ്പൊളിച്ചിട്ടിരിക്കുകയാണ്.

മി. സ്പീക്കർ: സബ്മിറ്റ് ചെയ്യാനുള്ളത് പറയു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വലിയ പൊടിയാണവിടെ. പുതിയ റോഡിന്റെ നിർമ്മാണം പാതിവഴിയിൽ സ്തംഭിച്ച് നിൽക്കുകയാണ്. ജനങ്ങൾ

എന്ത് ചെയ്യണം. വളരെയേറെ സമരങ്ങൾ നടന്നു. കിഫ്ബിയുടെ തലപ്പത്തിരിക്കുന്ന ശ്രീ. കെ. എം. എബ്രഹാം ഉൾപ്പെടെയുള്ളവരെ വിളിച്ചു പക്ഷെ ഇതിനൊന്നും ഒരു പരിഹാരമില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കേവലം ഒരു മറുപടിക്കപ്പുറമായി ഇതിന് പരിഹാരമുണ്ടാക്കി തരണം. എനിക്ക് പറയാനുള്ളത്, ഇതിന് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഞാൻ കിഫ്ബി ഓഫീസിനുമുന്നിൽ കുത്തിയിരിക്കും, തീരുമാനമാകുന്നതുവരെ കുത്തിയിരിക്കും. അതിലേയ്ക്ക് വഴി വയ്ക്കാതെ ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം പദ്ധതി നിർവ്വഹണ ഏജൻസിക്കും അവയെ നിയമിക്കുന്ന ഭരണ വകുപ്പുകൾക്കുമാണ്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളുടെയും നിർമ്മാണം പൂർത്തിയാകുമ്പോൾ SPV അതാത് ഭരണവകുപ്പുകൾക്ക് കൈമാറുന്നതാണ്. കിഫ്ബി ആക്ട് പ്രകാരമാണ് കിഫ്ബിയുടെ പ്രവർത്തനം നടത്തിവരുന്നത്. ഇതുപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ

കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുന്നു. ഭരണവകുപ്പും SPV-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷികരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും SPV-യും ബാദ്ധ്യസ്ഥമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണാർക്കാട് എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ് നിർമ്മാണം ആരംഭിച്ചത് 10-01-2019-ലാണ്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം 01-03-2019-ൽ അതായത് രണ്ട് മാസത്തിനുള്ളിൽ സൈറ്റ് സന്ദർശിക്കുകയും 06-03-2019-ൽ ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ് ആദ്യത്തെ ജാഗ്രതാ നിർദ്ദേശം SPV KRFB-ക്ക് നൽകുകയും ചെയ്തു. ഇതുകൂടാതെ ഫിനിഷ് റോഡ് ലെവലിലെയും നിർമ്മാണ പ്രവൃത്തികളിൽ അപാകതകൾ ചൂണ്ടിക്കാണിച്ച് വിശദമായ ഒരു ഒബ്സർവേഷൻ മെമ്മോ 27-06-2019-ൽ KRFB-ക്ക് നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച ഡി.പി.ആർ. പ്രകാരമല്ല നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയല്ല. കിഫ്ബിയിൽനിന്നായിരിക്കില്ല ആ വിസ്തീർണ്ണം ലഭിച്ചിട്ടുള്ളത്. നിർമ്മാണ

പ്രവർത്തനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ കിഫ്ബിയിൽനിന്ന് എസ്.പി.വി ത്രികക്ഷി കരാർ പ്രകാരം അനുമതി നേടേണ്ടതായിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ പരിഹരിക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഭാഗത്തുനിന്നും യാതൊരുവിധത്തിലുള്ള നടപടിയും ഉണ്ടാകാത്തതിനാൽ കിഫ്ബിക്ക് 28-11-2019-ൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കുന്ന നടപടികൾ സ്വീകരിക്കേണ്ടി വന്നു. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങൾ കേരള റോഡ് ഫണ്ട് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുമായി കിഫ്ബി നടത്തുകയുണ്ടായി. കിഫ്ബിയിൽനിന്ന് കൊടുത്ത നിർദ്ദേശമനുസരിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് പുതിയ പ്രൊഫൈൽ ഡ്രോയിങ്ങ് 13-02-2020-ന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനായി 10-03-2020-ൽ കിഫ്ബി-യിലെ TRC(Technical Resource Centre)യും റോഡ് ഫണ്ട് ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരും സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധന നടത്തി പുതിയ പ്രൊഫൈൽ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള നടപടികൾ

എപ്പോൾ സ്വീകരിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കാര്യം വ്യക്തമാക്കാം, ഏത് എസ്.പി.വി. ആയാലും കോൺട്രാക്ടർ അംഗീകരിച്ച ഡി.പി.ആർ.-ന്റെ വ്യതിയാനം നടത്തി ഏതെങ്കിലും വിധത്തിൽ ഈ പണി നടത്താം എന്നുള്ള തെറ്റിദ്ധാരണ വേണ്ട. കർശനമായ നിലപാട് സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. എബ്രഹാമിനെ വന്ന് കണ്ടപ്പോൾ കാര്യങ്ങളെല്ലാം വിശദീകരിച്ചിട്ടുള്ളതാണ്. അത് അങ്ങേയ്ക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എത്രയും പെട്ടെന്ന് ഈ പോരായ്മകൾ തിരുത്തി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.